വയലട പ്രദേശത്ത് ആദിവാസികൾക്ക് പട്ടയം

27 (2785) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ കാന്തലാട്ട് വില്ലേജിൽപ്പെട്ട പനങ്ങാടി പഞ്ചായത്തിലെ വയലടയിൽ എത്രപേർ പട്ടയം ലഭിക്കാൻ അർഹരായവരുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) വയലട പ്രദേശത്ത് ആദിവാസികളിൽ എത്രപേർക്ക് സ്വന്തമായി ഭൂമിയുണ്ടെന്നും അത് എത്ര വീതമാണെന്നും വെളിപ്പെടുത്തുമോ ;

(സി) ഇവർക്ക് ആവശ്യമായ ഭൂമി നൽകുന്നതിന് പ്രസ്തുത വില്ലേജിൽ പുറംപോക്ക് ഭൂമിയോ മിച്ചഭൂമിയോ ലഭ്യമാണോ ; ലഭ്യമാണെങ്കിൽ ആകെ എത്ര ഏക്കർ സ്ഥലമുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മൂന്ന്.

(ബി) മൂന്ന് കുടുംബങ്ങൾക്ക് യഥാക്രമം 4,5,20 സെന്റ് ഭൂമി നിലവിൽ കൈവശമുണ്ട്.

(സി) പുറംപോക്ക് ഭൂമിയും മിച്ചഭൂമിയും ലഭ്യമല്ല.

മണ്ണാർക്കാട് താലൂക്കിലെ കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ

28 (2786) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ-വനം അധികൃതർ ജോയിന്റ് വെരിഫിക്കേഷൻ നടത്തിയ മണ്ണാർക്കാട് താലൂക്കിലെ പാലക്കയം, വട്ടപ്പാറ, കുറ്റൻകുണ്ട് എന്നീ പ്രദേശങ്ങളിലെ കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് എത്രയും വേഗം പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൈവശക്കാരുടെ പക്കലുള്ള ഭൂമിയിൽ വനഭൂമി കൂടി ഉൾപ്പെടുന്നതിനാൽ റവന്യൂ-ഫോറസ്റ്റ് അധികൃതരുടെ സംയുക്ത പരിശോധനാ നടപടികൾ തുടരുകയാണ്.

(ബി) പരിശോധനയിൽ വനഭൂമി ഉൾപ്പെടാത്ത കേസുകളിൽ പട്ടയം അനുവദിക്കുന്നതാണ്. വനഭൂമി ഉൾപ്പെടുന്നവ പതിച്ചു കൊടുക്കുന്നതിന് വന സംരക്ഷണ നിയമത്തിലെ 80(2) വകുപ്പു പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly